# കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, എറണാകുളം

നമ്പർ - F5-11903/19

തീയതി: 24/3/2020

## സർക്കുലർ നമ്പർ: 29/2019-20

വിഷയം: കേരളത്തിലെ കൊറോണയുമായി ബന്ധപ്പെട്ട സവിശേഷ സാഹചര്യങ്ങൾ പരിഗണിച്ച് തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന: 1. G.O.(M.S.)No.49/2020/GAD നമ്പർ 23/3/2020ലെ ഉത്തരവ്

2. ബഹു.ബോർഡ് ചെയർമാൻ നൽകിയ നിർദ്ദേശങ്ങൾ.

മേൽ സൂചന (1) ഉത്തരവ് പ്രകാരം സംസ്ഥാന വ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം മൂലം വേതനം കുറയുന്ന സാഹചര്യം കണക്കിലെടുത്ത് തൊഴിലാളികളുടെ വേതന വിതരണവും തൊഴിൽ ക്രമീകരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന തുടർ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സംസ്ഥാന വ്യാപകമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ മാസാവസാനം വരെ വർക്ക് കാർഡ് ശേഖരിച്ച് വേതന വിതരണം യഥാവിധി പൂർത്തിയാക്കുവാൻ ശ്രമങ്ങൾ നടത്തി വരുന്നു. എന്നാൽ മേൽ പ്രകാരം വർക്ക് കാർഡുകൾ ലഭിക്കാത്ത സാഹചര്യത്തിൽ യഥാവിധി വേതനം കണക്കാക്കുവാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ മറ്റു മാർഗ്ഗങ്ങൾ തേടേണ്ടതായിട്ടുണ്ട്. ടി നിലയ്ക്ക് അപ്രകാരം ഒരു പരിതസ്ഥിതി ഉണ്ടാകുന്ന സാഹചര്യത്തിൽ കഴിഞ്ഞ മാസം (അതായത് ഫെബ്രുവരി) മാസം വേതനത്തിന് തുല്യമായ തുക തന്നെ മാർച്ച് മാസം വിതരണം ചെയ്യുന്നതിനും, അധികമായി ഇത്തരത്തിൽ തുക അനുവദിച്ചിട്ടുള്ള പക്ഷം ആയത് അഡ്വാൻസ് ആയി കണക്കാക്കി തുടർന്നുള്ള മാസങ്ങളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതുമാണ്. മാത്രമല്ല മാർച്ച് മാസത്തെ മുഴുവൻ വേതനം ഫെബ്രുവരി മാസത്തേക്കാൾ കുറയുന്ന സാഹചര്യത്തിൽ ഫെബ്രുവരി മാസത്തെ വേതനത്തിന് തുല്യമായ തുക തന്നെ നൽകാവുന്നതാണ്. ഇതു മൂലം അനുവദിക്കുന്ന അധിക തുക അഡ്വാൻസ് ആയി കണക്കാക്കി മേൽ നിർദ്ദേശിച്ച പ്രകാരം തന്നെ തിരികെ പിടിക്കേണ്ടതാണ്. വേതന വിതരണ തീയതി പഴയതു പോലെ തുടരേണ്ടതാണ്.

   മേൽ ആവശ്യങ്ങൾക്ക് ഫണ്ട് തികയാത്ത സന്ദർഭങ്ങളിൽ പൊതു ഫണ്ട് സ്ഥിര നിക്ഷേപങ്ങൾ കാലാവധിയ്ക്കു മുൻപ് ക്ലോസ്സ് ചെയ്ത് വേതന വിതരണം പൂർത്തിയാക്കാവുന്നതാണ്.

2. നിലവിലെ സാഹചര്യത്തിൽ തൊഴിലാളികളുടെ പൊതുവായ ആവശ്യം പരിഗണിച്ച് അവരുടെ ലോൺ റിക്കവറികൾ ഒഴിവാക്കി നൽകാവുന്നതാണ്.

3. ആവശ്യ സർവ്വീസുകളുടെ ഭാഗമായി ജോലി ചെയ്യുന്ന നമ്മുടെ തൊഴിലാളികൾ ജോലികളുടെ ഇടവേളകളിൽ കൂട്ടം കൂടി നിൽക്കുന്നത് ഒഴിവാക്കുവാൻ ആവശ്യമായ നിർദ്ദേശങ്ങൾ അടിയന്തിര പ്രാധാന്യത്തോടെ നൽകേണ്ടതാണ്.

4. ആവശ്യ സർവ്വീസുകൾ (മരുന്ന്, ഭക്ഷണ സാധനങ്ങൾ, പച്ചക്കറി തുടങ്ങി കേരളത്തിലെ പൊതുജനങ്ങൾക്ക് ഈ പ്രത്യേക സാഹചര്യങ്ങൾ മറികടക്കുന്നതിന് ആവശ്യമായ എല്ലാ വസ്തുക്കളുടെയും കയറ്റിറക്ക്) തടസ്സം കൂടാതെ നടക്കുന്നതിന് തൊഴിലാളികളുടെ സേവനം ആരോഗ്യപരമായ എല്ലാ മാനദണ്ഡങ്ങളും പാലിച്ച് കയറ്റിറക്ക് നടത്തുന്നതിന് വേണ്ട ക്രമീകരണങ്ങൾ കമ്മിറ്റി മെമ്പർമാർ, ഉപസമിതി മെമ്പർമാർ, മറ്റു പ്രാദേശിക ട്രേഡ് യൂണിയൻ പ്രതിനിധികൾ, വ്യാപാര പ്രതിനിധികൾ എന്നിവരുടെ സഹകരണത്തോടെ കയറ്റിറക്ക് പ്രവർത്തനങ്ങളിൽ ആവശ്യമായ തൊഴിൽ ക്രമീകരണങ്ങൾ നടത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അതാത് ഓഫീസ് തലത്തിൽ നിന്ന് നൽകേണ്ടതാണ്.

   ഈ സർക്കുലർ എല്ലാ കമ്മിറ്റി/സബ് ഓഫീസുകളിലേക്കും ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

ചീഫ് എക്സിക്യൂട്ടീവ് (I/c)

സ്വീകർത്താവ്,

1. എല്ലാ ജില്ലാ കമ്മിറ്റി/സബ് ഓഫീസ് ചെയർമാൻമാർക്ക്,
2. കൊച്ചിൻ പോർട്ട് ട്രസ്റ്റ് ഏരിയ കമ്മിറ്റി ചെയർമാൻ.

//ഉത്തരവിൻ പ്രകാരം//

Jayaprakash

ജൂനിയർ സൂപ്രണ്ട്

Scanned with CamScanner